Private circulation only


ഐ.ആർ.ടി.സി ന്യൂസ് ലെറ്റർ

IRTC Newsletter

*Science for social revolution*

2017 ജൂലൈ-സെപ്റ്റംബർ | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | www.irtc.org.in | mail@irtc.org.in


### മറ്റൊരു ലോകനിർമിതിയിൽ എഞ്ചിനിയറുടെ പങ്ക്

## എഞ്ചിനീയറിംഗ് ഇന്നവേറ്റേഴ്സ് മീറ്റ് 2017

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ എഞ്ചിനിയറിംഗ് വിദ്യാർഥി കൂട്ടായ്മയായ സങ്കേതം സംഘടിപ്പിച്ച മൂന്ന് ദിവസത്തെ എഞ്ചിനിയറിംഗ് ഇന്നവേറ്റേഴ്സ് മീറ്റ് ആഗസ്ത് 26,27,28 തിയ്യതികളിൽ ഐ.ആർ.ടി.സി കാമ്പസിൽ നടന്നു.

ആഗസ്ത് 26 ന് രാവിലെ പ്രസിദ്ധ ശാസ്ത്രജ്ഞൻ ഡോ.എം.പി.പരമേശ്വരൻ മീറ്റ് ഉദ്ഘാടനം ചെയ്തു. സഹസ്രാബ്ദങ്ങൾ കൊണ്ട് വികസിച്ച ശാസ്ത്രത്തെയും സാങ്കേതികവിദ്യകളെയും ബഹുരാഷ്ട്ര കുത്തകകൾ തങ്ങളുടെ കാൽച്ചുവട്ടിലാക്കി വച്ചിരിക്കുകയാണ്. ആവശ്യത്തിനനുസരിച്ചുള്ള ഉൽപാദനം എന്ന അടിസ്ഥാന തത്വത്തിനു പകരം ഉൽപാദനത്തിനനുസരിച്ച് ആവശ്യം സൃഷ്ടിക്കുകയാണ് അവർ. ഇത് വൻതോതിൽ വിഭവശോഷണത്തിന് കാരണമാകുന്നു. ഈ പ്രക്രിയ നിലവിലെ ദരിദ്രവത്കരണത്തിന്റെ ആക്കം കൂട്ടാനും, സമ്പത്തു മുഴുവൻ ചുരുങ്ങിയ ആളുകളിലേക്ക് കേന്ദ്രീകരിക്കാനും വഴിയൊരുക്കുന്നു എന്ന് ഡോ. എം.പി.പരമേശ്വരൻ അഭിപ്രായപ്പെട്ടു. ശാസ്ത്രത്തെയും സാങ്കേതികവിദ്യയേയും ജനനന്മയ്ക്ക് ഉപയോഗപ്പെടുത്തുന്നതിലൂടെ മറ്റൊരു ലോകനിർമിതി സാധ്യമാണ്. ആ പ്രക്രിയയിൽ ഒരു എഞ്ചിനിയർക്ക് മുഖ്യമായ പങ്കുണ്ടെന്ന് ഡോ. എം.പി.പരമേശ്വരൻ പറഞ്ഞു.

*(തുടർന്ന് പേജ് 5 വായിക്കുക)*

**മാലിന്യസംസ്കരണം: 100 പഞ്ചായത്തുകൾ പൂർത്തിയായി**



**എഞ്ചിനിയറിംഗ് ഇന്നവേറ്റേഴ്സ് മീറ്റ് 2017**



**ജലസംരക്ഷണയജ്ഞം**



**ഓസോൺ ദിനം 2017**




**ഗ്രീൻ ടെക്നീഷ്യൻ പരിശീലനം**



**71-ാം സ്വാതന്ത്ര്യദിനാഘോഷം**





ഡോ.എം.പി പരമേശ്വരൻ ഉദ്ഘാടനം ചെയ്യുന്നു



മീറ്റിൽ പങ്കെടുക്കുന്ന എഞ്ചിനിയറിംഗ് വിദ്യാർഥികൾ

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി നടത്തുന്ന പരിശീലന പരമ്പരയിലൂടെ ഐ.ആർ.ടി.സി. എന്ന ഗവേഷണ സ്ഥാപനത്തിന്റെ സാമൂഹ്യ ഉത്തരവാദിത്തത്തെ ഒരിക്കൽകൂടി ഊട്ടി ഉറപ്പിക്കുന്നതിന് കഴിഞ്ഞു എന്നത് തർക്കമറ്റ കാര്യമാണ്. സുസ്ഥിരമായ ഒരു വികസന സമീപനത്തിൽ ഉൾച്ചേരേണ്ട ഒട്ടേറെ പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ സാങ്കേതിക വിദ്യകളുടെ രൂപത്തിലും സേവനങ്ങളുടെ രൂപത്തിലും കഴിഞ്ഞ കാലങ്ങളിൽ ഐ.ആർ.ടി.സിയിൽ നിന്നും കേരള സമൂഹത്തിന് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ചൂടാറാപ്പെട്ടി, കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പ്, പരിഷത് അടുപ്പ്, ചെറുകിട ജലവൈദ്യുതി, ബായോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് പ്ലാന്റുകൾ, കുംഭാരന്മാർക്കുള്ള വൈദ്യുത ചക്രം, മണ്ണരക്കൽ യന്ത്രം, കാർഷിക ഇടപെടലുകൾ, ശാസ്ത്രീയ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിങ്ങനെ ഒരു നിര പ്രവർത്തനങ്ങൾ.

അവക്കെല്ലാം അതിന്റേതായ സാമൂഹ്യ പ്രസക്തിയുണ്ട്. എന്നാൽ കേരള സമൂഹത്തെ ആകെ ദോഷകരമായി ബാധിച്ചിരിക്കുന്ന മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് തദ്ദേശ ഭരണ സ്ഥാപന ചുമതലക്കാർക്കും ഉദ്യോഗസ്ഥർക്കും അതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം പകർന്നു നൽകാൻ കഴിഞ്ഞത് കൂടുതൽ സ്വാഗതാർഹമായ ഇടപെടലായി. ഇതിനോടകം 100-ലധികം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ പരിശീലനത്തിൽ പങ്കാളികളായി. മറ്റ് പരിശീലനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി സ്വന്തം ഇഷ്ടപ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്താണ് ഇവർ പരിശീലനത്തിൽ പങ്കെടുക്കുന്നത്. പങ്കാളിത്ത പഠനരീതികളും പ്രായോഗിക പ്രവർത്തനങ്ങളും കണ്ടും ചെയ്തും പരസ്പരം പങ്കുവെയ്ക്കുന്ന പഠന രീതി ഏറെ ഫലപ്രദമായിരുന്നു എന്ന് വിലയിരുത്തി. പല അനുഭവ വിവരങ്ങളും ഐ.ആർ.ടി.സിക്കും പുതുമയുള്ളതായിരുന്നു. സങ്കീർണ്ണമായ സാങ്കേതിക വിദ്യയുടെ പ്രയോഗമല്ല നിരന്തരമായ പരിപാലനവും ശ്രദ്ധയുമാണ് പ്രശ്നപരിഹാരത്തിന്റെ കാതൽ എന്നതും മറിച്ച് ഒറ്റപ്പെട്ട ശ്രമങ്ങൾക്കല്ല കൂട്ടായ പരിശ്രമവും സമഗ്രമായ രീതിയുമാണ് ആവശ്യമെന്ന പൊതു തിരിച്ചറിവും പകരാൻ കഴിയുന്നു എന്നതാണ് ഈ പരിശീലന പരമ്പരകളുടെ വിജയം.

ഇതിനു പുറമെ ഈ സാമ്പത്തിക വർഷം വിവിധതരം ഖരമാലിന്യ പരിപാലന പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ടി 2017 ഓഗസ്റ്റ് മാസം അവസാനം വരെ 118 തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഐ.ആർ.ടി.സി, പി.ഐ.യു വഴിയാണ് ഇത്തരം ജോലികൾ ഏറ്റെടുക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ഏതാണ്ട് 250തിലധികം സ്ഥാപനങ്ങൾ ഐ.ആർ.ടി.സിയുമായി സഹകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ഏറ്റവും ദുഷ്കരമായ ഒരു സാമൂഹ്യ പ്രശ്നത്തെ പരിഹരിക്കുന്നതിൽ പങ്കാളിയാകുക വഴി ഐ.ആർ.ടി.സിയുടെ സാമൂഹ്യ പ്രസക്തി കൂടുതൽ വർധിപ്പിക്കാൻ കഴിയുന്നു എന്നത് ഐ.ആർ.ടി.സി.ക്കും പ്രവർത്തകർക്കും ഏറെ അഭിമാനകരമാണ്.

**സ്നേഹപൂർവ്വം**
**ഡോ. എൻകെ.ശശിധരൻപിള്ള**
**ഡയറക്ടർ**

## ജലദൂത് ജലസംരക്ഷണ പരിപാടി

നബാർഡിന്റെ സഹായത്തോടെ ഐ.ആർ.ടി.സി ജില്ലയിൽ ഏറ്റെടുത്ത ജലസംരക്ഷണ ക്യാമ്പയിനാണ് ജലദൂത്. മെയ് മാസത്തിൽ ഐ.ആർ.ടി.സിയിൽ നടന്ന ജില്ലാതല ജലദൂത് ശിൽപ്പശാലയുടെ തുടർച്ചയായി മേഖലാ തലങ്ങളിൽ ശിൽപ്പശാലകളും, ജലസ്രോതസ്സുകൾ തിരിച്ചുപിടിയ്ക്കാനുള്ള ഇടപെടലുകളും നടന്നു വരുന്നു. ഇതിന്റെ തുടർച്ചയായി ജൂലൈ 1 ന് ഐ.ആർ.ടി.സിയുടെ സഹകരണത്തോടെ മുണ്ടൂർ ജി.യു.പി സ്കൂളിൽ വച്ച് "ജലം ജീവനാണ്" ജലസംരക്ഷണ സംവാദം സംഘടിപ്പിച്ചു. മുണ്ടൂരിലെ ശാസ്ത്ര സാഹിത്യ പരിഷത്തും ഗ്രന്ഥശാലയും സംയുക്തമായാണ് പരിപാടി നടത്തിയത്.




ജലസംരക്ഷണ ക്യാമ്പയിൻ വിപുലപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും നാശോന്മുഖമായ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ആവശ്യകതയെയും സംബന്ധിച്ച് അവതരണവും ചർച്ചയും നടന്നു. കൂടാതെ ഐ.ആർ.ടി.സി വികസിപ്പിച്ച മഴവെള്ളം ശുദ്ധീകരിക്കാനുള്ള സംവിധാനമായ ഫിൽറ്റർ യൂണിറ്റ് പരിചയപ്പെടുത്തുകയും ചെയ്തു.

പരിഷത്ത് പ്രവർത്തകനായ രാജൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഐ.ആർ.ടി.സി എഞ്ചിനിയർ ആർ.രംഗസ്വാമി, പ്രവീൺ കെ., നീന ചിത്ര, സൂര്യ സേതുമാധവൻ, മുണ്ടൂരിലെ ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു.

## ഐ.ആർ.ടി.സിയുടെ
## മാലിന്യപരിപാലന പരിശീലനം
## 100 പഞ്ചായത്തുകൾ പങ്കാളികളായി

മാലിന്യസംസ്കരണത്തിൽ ഐ.ആർ.ടി.സി നടത്തിവരുന്ന ത്രിദിന പരിശീലന പരമ്പരയിൽ കേരളത്തിലെ 100 പഞ്ചായത്തുകളിലെയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കാളികളായി. മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടി സർക്കാർ ഉത്തര വിലൂടെ ഐ.ആർ.ടി.സിയെ ചുമതലപ്പെടുത്തിയ പശ്ചാത്തലത്തിലാണ് പരിശീലന പരമ്പര സംഘടിപ്പിച്ചത്. ഇതുവരെ 9 ബാച്ചുകളുടെ പരിശീലനം പൂർത്തിയായി. ഓരോ ബാച്ചിലും ശരാശരി 10 പഞ്ചായത്തുകൾ വീതം പങ്കെടുത്തു.




ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പ്രായോഗിക പരിശീലനത്തിലേർപ്പെടുന്നു

സെപ്തംബർ 25,26,27 തിയ്യതികളിലെ 9-ാം ബാച്ചിന്റെ സമാപനത്തോടെ കേരളത്തിലെ 100 പഞ്ചായ ത്തുകൾ ഐ.ആർ.ടി.സിയുടെ പരിശീലന പരമ്പരയുടെ ഭാഗമായിക്കഴിഞ്ഞു. ജൂൺ മാസത്തിൽ ആരംഭിച്ച ട്രെയിനിംഗിൽ 339 ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു. ഇതിൽ 131 പേർ വനിതകളാണ്. മാലി ന്യ പരിപാലനരംഗത്തെ വിദഗ്ധരാണ് പരിശീലനം നൽകുന്നത്. കേരളത്തിലെ വ്യത്യസ്ത തരത്തിലുള്ള മാലി ന്യ പ്രശ്നങ്ങളുടെ പരിഹാരത്തിനും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ ഫലപ്രദമായ ഏകോപനത്തിനും. പ്രാദേശിക ഭരണകൂടങ്ങളെ പ്രാപ്തരാക്കുകയാണ് പ്രധാന ലക്ഷ്യം.




ഡോ.എൻ.കെ.ശശിധരൻപിള്ള, കെ.കെ.ജനാർദ്ദനൻ എന്നിവർ പരിശീലന പരിപാടിയിൽ സംസാരിക്കുന്നു

ഉറവിട മാലിന്യസംസ്കരണ മാർഗ്ഗങ്ങൾ, വിസർജ്ജ്യ മാലിന്യസംസ്കരണ രീതികൾ, മാലിന്യസംസ്കരണ ഉപകരണങ്ങൾ, ഹരിത-ജൈവ സാങ്കേതികവിദ്യാ നിർദേശം, മലിനജല സംസ്കരണം, അജൈവ പാഴ്വസ്തു സംസ്കരണം, പ്രാദേശികതലത്തിലുള്ള സംസ്കരണ രീതികൾ, സന്നദ്ധസേവന സംഘടനാ രൂപങ്ങൾ എന്നിവയെ പരിചയപ്പെടുത്താൻ പരിശീലന പരിപാടിയിലൂടെ സാധിച്ചു. കൂടാതെ, മാലിന്യ പരിപാലനത്തിനുള്ള നൂതന സാങ്കേതികവിദ്യകളെയും, മാലിന്യ പരിപാലന പദ്ധതികളുടെ നിർവഹണ സംവിധാനങ്ങളെയും സംബന്ധിച്ചുള്ള ക്ലാസുകളും ചർച്ചകളും നടന്നു. ഐ.ആർ.ടി.സി ക്യാമ്പസിനകത്തെ മാലിന്യപരിപാലന സംവിധാനങ്ങളെ പരിചപ്പെടുത്തിക്കൊണ്ടുള്ള പ്രായോഗിക പരിശീലനമായിട്ടാണ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്. ഇത് പരിശീലനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഭിപ്രായപ്പെട്ടു.

പ്രൊഫ.വി.ആർ.രഘുനന്ദനൻ, പ്രൊഫ.ബി.എം.മുസ്തഫ, കെ.കെ.ജനാർദ്ദനൻ, ജയരാജ്, ലളിതൻ, പി.എൻ.ദിവ്യ, സുസ്മിത, രാഹുൽ, ദീക്ഷിത്, രതീഷ്, ഉണ്ണിക്കൃഷ്ണൻ എന്നീ ഐ.ആർ.ടി.സി ഫാക്കൽറ്റികളാണ് ക്ലാസുകൾക്കും പ്രായോഗിക പരിശീലനത്തിനും നേതൃത്വം നൽകുന്നത്. ട്രെയിനിംഗ് കോർഡിനേറ്റർ ജയ്സോമനാഥാണ്. ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ പിള്ള, രജിസ്ട്രാർ പി.കെ.നാരായണൻ എന്നിവർ സംബന്ധിച്ചു.

## ജനകീയ ശാസ്ത്രപ്രസ്ഥാനങ്ങളുടെ ദക്ഷിണേന്ത്യൻ സംഗമം



ഇന്ത്യയിലെ ജനകീയ ശാസ്ത്രപ്രസ്ഥാനങ്ങളുടെ ശൃംഖലയായ AIPSN ന്റെ ദക്ഷിണേന്ത്യൻ ശിൽപ്പശാല ജൂലൈ 2 ന് ഐ.ആർ.ടിസിയിൽ നടന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ഇന്ത്യ മുഴുവൻ പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുന്ന സംഘടനയാണ് AIPSN. ആന്ധ്ര (ജന വിജ്ഞാൻ വേദിഗെ), തെലുങ്കാന (ജന വിജ്ഞാൻ വേദിഗെ), തമിഴ്നാട് (തമിഴ്നാട് സയൻസ് ഫോറം), കേരളം (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്), കർണാടക (ഭാരത് ഗ്യാൻ വിഗ്യാൻ സമിതി) എന്നീ സംസ്ഥാനങ്ങളിലെ 25 ജനകീയ ശാസ്ത്രപ്രചാരകരാണ് രണ്ടു ദിവസത്തെ ശിൽപ്പശാലയിൽ പങ്കെടുത്തത്. ഡോ.സി.രാമകൃഷ്ണൻ, ടി.പി.ശ്രീശങ്കർ, പരിഷത്ത് സംസ്ഥാന പ്രസിഡന്റ് ടി.ഗംഗാധരൻ, ജനറൽ സെക്രട്ടറി ടി.കെ.മീരാഭായ് എന്നിവർ ശിൽപ്പശാലയ്ക്ക് നേതൃ ത്വം നൽകി.

ഈ വർഷം അവസാനത്തോടെ ശാസ്ത്രപ്രചാരണത്തിന്റെ ഭാഗമായി ദക്ഷിണേന്ത്യ മുഴുവൻ ഒരു മാസം നീണ്ടു നിൽക്കുന്ന സൈക്കിൾ യാത്ര സംഘടിപ്പിക്കാനും ഒപ്പം അതാതു സംസ്ഥാനങ്ങളിലെ പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്താനും തീരുമാനിച്ചു.

## ബഡ്സ് സ്കൂൾ വിദ്യാർഥികളെ പരിപോഷിപ്പിക്കാൻ പദ്ധതി

തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള നാല് കുടുംബശ്രീ ബഡ്സ് സ്കൂളുകളിലെ കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയെ സഹായിക്കുന്നതിനായി അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഐ.ആർ.ടി.സി വഴി നടന്നുവരുന്നു. തിരുവില്വാമല, കൊണ്ടാഴി, പഴയന്നൂർ, വള്ളത്തോൾ നഗർ എന്നീ പഞ്ചായത്തുകളിലാണ് ഈ സ്കൂളുകൾ. നൂറോളം കുട്ടികൾ പദ്ധതിയുടെ കീഴിൽ വരുന്നുണ്ട്. കുട്ടികളെ സഹായിക്കാനായി അതത് സ്കൂൾ ജീവനക്കാരും, സന്നദ്ധരായ രക്ഷിതാക്കളും, കുടുംബശ്രീ പ്രവർത്തകരും പരിശീലനത്തിൽ പങ്കാളികളാകുന്നുണ്ട്. കളിമൺ ആഭരണ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തൈ ഉത്പാദനം, സോപ്പ് നിർമ്മാണം എന്നിവയിലാണ് പരിശീലനം നൽകുന്നത്. അഞ്ജു ഭാർഗവൻ ആണ് പ്രൊജക്റ്റ് കോ ഓർഡിനേറ്റർ.

(1 –ാം പേജിന്റെ തുടർച്ച)

# എഞ്ചിനീയറിംഗ് ഇന്നവേറ്റേഴ്സ് മീറ്റ് 2017

## മറ്റൊരു ലോകനിർമിതിയിൽ എഞ്ചിനിയറുടെ പങ്ക്

മൂന്നു ദിവസത്തെ മീറ്റിൽ കേരളത്തിലെ വിവിധ എഞ്ചിനിയറിംഗ് കോളേജുകളിലെ 85 വിദ്യാർഥികൾ പങ്കെടുത്തു. ഊർജ്ജം, നിർമാണം, വിഭവ പരിപാലനം, ഓട്ടോമേഷൻ, ഐ.ടി എന്നീ അഞ്ച് വിഷയമേഖലകളിൽ പ്രോജക്ട് മത്സരവും അവതരണങ്ങളും വേറിട്ട ചർച്ചകളും നടന്നു. മികച്ച പ്രോജക്ടുകൾക്ക് പതിനായിരം രൂപ വീതം ക്യാഷ് അവാർഡും പ്രശസ്തിപത്രവും വിതരണം ചെയ്തു. മികച്ച പ്രോജക്ടുകൾക്കുള്ള അവാർഡുകൾ വിനീത് പി.പി, ശ്രീജിത്ത് സുരേന്ദ്രൻ (ശ്രീനിവാസ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മംഗലാപുരം), ആകാശ് സുരേഷ്, ദീപ്ത് ആന്റോ (ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട), ശരത് ശശികുമാർ, മെർവിൻ (വിദ്യാ അക്കാദമി, തൃശൂർ), അക്ഷയ്സാജു (കുസാറ്റ്, കൊച്ചി), യദുകൃഷ്ണ (എം.ഇ.എസ്, കുറ്റിപ്പുറം) എന്നിവർ നേടി. ഡോ.കെ.പി.അരവിന്ദൻ, ഡോ.കെ. രാജേഷ്, അരുൺ എന്നിവർ അവതരണങ്ങൾ നടത്തി. അനർട്ടിന്റെ സാമ്പത്തിക സഹായത്തോടെയാണ് മുണ്ടൂർ ഐ.ആർ.ടി.സിയിൽ മീറ്റ് സംഘടിപ്പിച്ചത്.



ഡോ.എം.പി പരമേശ്വരൻ വിദ്യാർഥികളുമായി സംവദിക്കുന്നു




ഡോ.ആർ.വി.ജി മേനോൻ സംസാരിക്കുന്നു

രണ്ടാംദിനം ജനകീയ ശാസ്ത്ര പ്രചാരകനായ ഡോ.കെ.പി.അരവിന്ദൻ ശാസ്ത്രത്തെ ജനകീയവത്കരണത്തെ കുറിച്ച് ക്ലാസെടുത്തു. ഡോ.കെ.രാജേഷ് ശാസ്ത്രസാങ്കേതിക രംഗത്തെ സാമൂഹ്യപ്രതിബന്ധതയിൽ ഊന്നിയ ഗവേഷണങ്ങളുടെ ആവശ്യകത വിശദീകരിച്ച് സെഷൻ നയിച്ചു.



സമാപനയോഗം ആഗസ്ത് 28 ന് ഉച്ചയ്ക്ക് ഡോ. ആർ.വി.ജി മേനോൻ ഉദ്ഘാടനം ചെയ്തു. പരിഷത്തിന്റെ മുൻ പ്രസിഡന്റും ഐ.ആർ.ടി.സി മുൻ ഡയറക്ടറുമായിരുന്ന അദ്ദേഹത്തിന്റെ പ്രഭാഷണം എറെ ആവേശത്തോടെയാണ് പുതുതലമുറ എഞ്ചിനിയർമാർ കേട്ടിരുന്നത്. ശാസ്ത്രസാങ്കേതിക വിദ്യയുടെ ചരിത്രം ലളിതമായി അവതരിപ്പിച്ച അദ്ദേഹം, നാടിനു വേണ്ട സാങ്കേതികവിദ്യ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും വിശദീകരിച്ചു. ഐ.ആർ.ടി.സി പദ്ധതി നിർവഹണം എറ്റെടുത്ത മീൻവല്ലം ജലവൈദ്യുത പദ്ധതി അത്തരത്തിൽ ഒന്നാണ്. എഷ്യയിൽ തന്നെ ആദ്യമായി ഒരു പ്രാദേശിക സർക്കാരിന് (പാലക്കാട് ജില്ലാ പഞ്ചായത്ത്) ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞത് സാങ്കേതികവിദ്യയുടെ സാമൂഹിക പ്രാധാന്യം ഉൾക്കൊണ്ടതുമൂലമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സമാപന യോഗത്തിൽ ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻപിള്ള അധ്യക്ഷനായി. പ്രൊ. ബി.എം.മുസ്തഫ, ഡോ.എം.ലളിതാംബിക, ഇന്ദ്രജിത്ത്.കെ, ടി.പാർവ്വതി എന്നിവർ സംസാരിച്ചു. ഇജാസ് എം.എ നന്ദി പറഞ്ഞു.

## ഐ. ആർ. ടി. സി വാർഷിക ജനറൽബോഡി യോഗം



ഡോ.എൻ.കെ.ശശിധരൻ പിള്ള
റിപ്പോർട്ട് അവതരിപ്പിക്കുന്നു

ഐ.ആർ.ടി.സിയുടെ വാർഷിക ജനറൽബോഡി യോഗം ജൂലൈ 22 ന് ഐ.ആർ.ടി.സിയിൽ നടന്നു. ടി.ഗംഗാധരൻ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ ഒരു വർഷക്കാലം ഐ.ആർ.ടി.സിയിൽ നടന്ന ഗവേഷണങ്ങളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും റിപ്പോർട്ട് അവതരണവും അവലോകനവും യോഗത്തിൽ നടന്നു. ഡയക്ടർ ഡോ.എൻ.കെ.ശശിധരൻ പിള്ള റിപ്പോർട്ട് അവതരിപ്പിച്ചു. സാമ്പത്തിക റിപ്പോർട്ട് രജിസ്ട്രാർ പി.കെ.നാരായണൻ അവതരിപ്പിച്ചു. ഐ.ആർ.ടി.സിയുടെ സ്ഥാപകസംഘടനയായ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രസിഡന്റും, ഐ.ആർ.ടി.സി ചെയർമാനുമായ ടി.ഗംഗാധരൻ, ജനറൽ സെക്രട്ടറി ടി.കെ.മീരാഭായ് തുടങ്ങി 22 പേർ യോഗത്തിൽ പങ്കെടുത്തു. ഐ.ആർ.ടി.സിയുടെ പുതിയ 20 അംഗ എക്സിക്യുട്ടീവ് കമ്മിറ്റിയേയും, ഡോ.ആർ.വി.ജി മേനോൻ ചെയർമാനായ 46 അംഗ RAC (Research Advisory Committee) യേയും തെരഞ്ഞെടുത്തു. ടി.ഗംഗാധരൻ (ചെയർമാൻ), ഡോ.എൻ.കെ.ശശിധരൻപിള്ള (ഡയറക്ടർ), പി.കെ.നാരായണൻ (രജിസ്ട്രാർ), ടി.കെ.മീരാഭായ്, കെ.രമേഷ്കുമാർ, വി.ജി.ഗോപിനാഥൻ, പ്രൊഫ.പി.കെ.രവീന്ദ്രൻ, ഡോ.കാവുമ്പായി ബാലകൃഷ്ണൻ, ഡോ. എം.പി.പരമേശ്വരൻ, ഡോ.സി.രാമകൃഷ്ണ്‍, പ്രൊഫ.വി.ആർ. രഘുനന്ദനൻ, ഡോ.എം.ലളിതാംബിക, സി.ടി.അജിത്കുമാർ, കെ.എസ്.നാരായണൻകുട്ടി, പ്രൊഫ.ബി.എം.മുസ്തഫ, ഡോ.കെ.രാജേഷ്, ജിജു.പി.അലക്സ്, ടി.പി.ശ്രീശങ്കർ, KSCSTE പ്രതിനിധി, DST പ്രതിനിധി എന്നിവരാണ് എക്സിക്യുട്ടീവ് അംഗങ്ങൾ

## നിർമാണ തൊഴിലാളികളുടെ സംസ്ഥാന പഠനക്യാമ്പ്

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (സി.ഐ.ടി.യു) സംഘടിപ്പിച്ച രണ്ട് ദിവസത്തെ പഠന ക്യാമ്പ് ജൂലൈ 8 ന് ഐ.ആർ.ടി.സി ഓഡിറ്റോറിയത്തിൽ നടന്നു. മുൻ മന്ത്രിയും സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം പഠനക്യാമ്പ് ഉദ്ഘാടനം ചെയ്തു. കെ.എസ്.സി.ഡബ്ല്യു.എഫ് സംസ്ഥാന പ്രസിഡന്റ് കെ.പി.സഹദേവൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.വി.ജോസ് സ്വാഗതവും എം.ഹരിദാസ് നന്ദിയും പറഞ്ഞു. ട്രേഡ് യൂണിയൻ സംഘടന എന്ന വിഷയത്തിൽ എളമരം കരീമും,




എളമരം കരീം ഉദ്ഘാടനം ചെയ്യുന്നു



പഠനക്യാമ്പിൽ പങ്കെടുക്കുന്നവർ

ആഗോളവൽക്കരണത്തിന്റെ കാൽനൂറ്റാണ്ടും തൊഴിലാളി വർഗ്ഗവും എന്ന വിഷയത്തിൽ സി.ഐ.ടി.യു അഖിലേന്ത്യാ സെക്രട്ടറി കെ.ചന്ദ്രൻപിള്ളയും ക്ലാസ് എടുത്തു. രണ്ടാം ദിനം വർഗ്ഗീയതയും തൊഴിലാളിവർഗ്ഗവും എന്ന വിഷയത്തിൽ സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ബേബിജോൺ ക്ലാസ് എടുത്തു. 150 പേർ പങ്കെടുത്തു.

## ജലസംരക്ഷണ യജ്ഞം




ശ്രീ. ഷാജി സക്കറിയ യോഗം ഉദ്ഘാടനം ചെയ്യുന്നു

നബാർഡിന്റെ 'ജലം ജീവനാണ്' ദേശീയ ജലസംരക്ഷണ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനു വേണ്ടി പാലക്കാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളുടെ പദ്ധതിനിർദ്ദേശങ്ങളുടെ ക്രോഡീകരണ യോഗം ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിൽ നടന്നു. നബാർഡിന്റെയും ഐ.ആർ.ടി.സിയുടെയും സംയുക്താഭിമുഖ്യത്തിലാണ് ജില്ലയിലെ തിരഞ്ഞെടുത്ത 360 വാർഡുകളിൽ ജലസംരക്ഷണയജ്ഞം സംഘടിപ്പിച്ചത്. 60 വാർഡുകളിലെ പ്രവർത്തനങ്ങൾക്ക് നെന്മാറ ഗംഗോത്രി ട്രസ്റ്റ് നേതൃത്വം നൽകി. നബാർഡിന്റെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ഷാജി സക്കറിയ യോഗം ഉദ്ഘാടനം ചെയ്തു. ഐ.ആർ.ടി.സി ഡയറക്ടർ ഡോ. എൻ.കെ. ശശിധരൻപിള്ള അധ്യക്ഷനായി. പാലക്കാടൻ കാർഷികരീതികളും ജലവിനിയോഗവും എന്ന വിഷയത്തിൽ നബാർഡ് പാലക്കാട് ജില്ലാ മാനേജർ ശ്രീ. രമേഷ് വേണുഗോപാൽ മുഖ്യ പ്രഭാഷണം നടത്തി. ക്യാമ്പയിൻ പ്രവർത്തന റിപ്പോർട്ടും ജലവിഭവ ഭൂപടവും ജില്ലയിലെ മാസ്റ്റർ ട്രെയിനി ശ്രീ. വൈ.കല്യാൺ കൃഷ്ണൻ അവതരിപ്പിച്ചു.

വാർഡുതലത്തിൽ ജനപങ്കാളിത്തത്തോടെ കുളം, തോട് തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണം, മഴവെള്ള സംഭരണം, മണ്ണ്-ജല സംരക്ഷണം, വനവൽക്കരണം, കിണർ റീച്ചാർജിംഗ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ക്യാമ്പയിൻ ലക്ഷ്യം വെയ്ക്കുന്നത്. ജലസംരക്ഷണയജ്ഞത്തിന്റെ പരിശീലനം നേടിയ കൃഷിജലദൂതർ, നീർത്തട വികസന സമിതികൾ, വാർഡ് തല സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പു പദ്ധതി തൊഴിലാളികൾ, വിദ്യാർഥികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയ വിവിധ മേഖലകളിലുള്ളവരുടെ പങ്കാളിത്തത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നത്. ഇത്തരത്തിൽ ഉരുത്തിരിഞ്ഞു വന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ചർച്ചയും ക്രോഡീകരണവും യോഗത്തിൽ നടന്നു. സി.ഇ.ഇ പ്രോഗ്രാം ഓഫീസർ ശ്രീ. ഷിന്റോ ജോൺ ജലസംരക്ഷണ പ്രവർത്തനങ്ങളെ ക്രോഡീകരിച്ചു. ഐ.ആർ.ടി.സി രജിസ്ട്രാർ ശ്രീ. പി.കെ. നാരായണൻ സ്വാഗതവും ആർ.സതീഷ് നന്ദിയും പറഞ്ഞു.

## കുടുംബശ്രീ വനിതകൾക്കായി കിണർനിറയ്ക്കൽ പരിശീലനം

പാലക്കാട് ജില്ലാ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ തെരഞ്ഞെടുത്ത വനിതകൾക്ക് കിണർ റീച്ചാർജ്ജിംഗ് ഫിൽട്ടർ നിർമാണം, വിവിധ രീതിയിലുള്ള മഴവെള്ള സംഭരണരീതികൾ എന്നിവയിൽ പരിശീലനം നൽകി. ജൂലൈ 26, 27 തിയ്യതികളിലായിരുന്നു പരിശീലനം. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത കുടുംബശ്രീയിലും തൊഴിലുറപ്പു പദ്ധതിയിലും പ്രവർത്തിക്കുന്ന വനിതകൾക്കാണ് പരിശീ





ലനം നൽകിയത്. ഐ.ആർ.ടി.സി വികസിപ്പിച്ച ഫിൽറ്റർ യൂണിറ്റിന്റെ നിർമാണം പ്രായോഗികമായി ചെയ്തുകൊണ്ടാണ് പരിശീലിപ്പിച്ചത്. 26 ന് രാവിലെ ആരംഭിച്ച പരിശീലന പരിപാടിയ്ക്ക് ഡോ. കെ.വാസുദേവൻപിള്ള നേതൃത്വം നൽകി. ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം.രാമചന്ദ്രൻ, കുടുംബശ്രീ അസിസ്റ്റന്റ് മിഷൻ കോർഡിനേറ്റർ ശ്രീ. ദിനേഷ്, ശ്രീ. അലിയാർ (കുടുംബശ്രീ മിഷൻ) എന്നിവർ പരിശീലന പരിപാടിയിൽ സംബന്ധിച്ചു. ഐ.ആർ.ടി.സി എഞ്ചിനീയർ ശ്രീ.ആർ.രംഗസ്വാമി, നവീൻകുമാർ എന്നിവരാണ് മുഖ്യ പരിശീലകർ.

## ക്രാഫ്റ്റ് ടീച്ചേഴ്സിന് ഡെക്കോപാഷ് നിർമാണ പരിശീലനം



പരിശീലനത്തിലേർപ്പെടുന്ന ക്രാഫ്റ്റ് അധ്യാപകർ

കേരളത്തിലും തമിഴ്നാട്ടിലുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഓഫീസേഴ്സ് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്കൂളുകളിലെ 25 ക്രാഫ്റ്റ് അധ്യാപകർക്കായി ഐ.ആർ.ടി.സിയിൽ ഡെക്കോപാഷ് നിർമാണത്തിൽ പരിശീലനം നൽകി. ജൂലൈ 28 ന് തുടങ്ങിയ ത്രിദിന പരിശീലനം ആഗസ്ത് 1 ന് സമാപിച്ചു. കലാപരമായി മികച്ചൊരു കരകൗശലവിദ്യയാണ് ഡെക്കോപാഷ് എന്ന് ക്യാമ്പംഗങ്ങൾ അഭിപ്രായപ്പെട്ടു. ഐ.ആർ.ടി.സിയുടെ ചിത്രകല ഡിവിഷനിലെ രമ, യശോദ, പുഷ്പ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ഡോ. എം.ലളിതാംബിക പരിശീലനക്യാമ്പ് നിയന്ത്രിച്ചു. കളിമൺപാത്ര കരകൗശലവിദ്യയിൽ ധാരാളം പരിശീലനങ്ങളും ശില്പശാലകളും ഐ.ആർ.ടി.സി നടത്തി വരുന്നുണ്ട്.

## 71-ാം സ്വാതന്ത്ര്യദിനം ആചരിച്ചു

രാജ്യത്തിന്റെ 71-ാം സ്വാതന്ത്ര്യദിനം ഐ.ആർ.ടി.സി ആചരിച്ചു. ആഗസ്ത് 15 ന് രാവിലെ 8 മണിയ്ക്ക് ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ പതാക ഉയർത്തി. രാജ്യത്തിന്റെ മതേതരത്വവും ഏകത്വവും എന്നും കാത്തുസൂക്ഷിക്കാൻ ഓരോ പൗരനും ബാധ്യസ്ഥരാണെന്ന് അദ്ദേഹം തന്റെ സ്വാതന്ത്ര്യദിന സന്ദേശത്തിലൂടെ ഓർമ്മപ്പെടുത്തി. തുടർന്ന്, ഐ.ആർ.ടി.സി മുൻ ഡയറക്ടർ കൂടിയായിരുന്ന ഡോ.എം.ലളിതാംബിക രാഷ്ട്രനിർമ്മാണത്തിനായി പ്രയത്നിച്ച ധീരവ്യക്തിത്വങ്ങളെക്കുറിച്ചും തീക്ഷ്ണമായ സ്വാതന്ത്ര്യ സമരത്തെ കുറിച്ചും സംസാരിച്ചു. ഐ.ആർ.ടി.സി പ്രവർത്തകരെല്ലാം പരിപാടിയിൽ പങ്കെടുത്തു.



രജിസ്ട്രാർ പി.കെ. നാരായണൻ പതാക ഉയർത്തുന്നു



ഡോ.എം.ലളിതാംബിക സംസാരിക്കുന്നു

## ആറ്റമിക് അബ്സോർബ്ഷൻ സ്പെക്ട്രോ ഫോട്ടോമീറ്റർ (AAS) സ്ഥാപിച്ചു

ഐ.ആർ.ടി.സി ലബോറട്ടറിയിൽ ആറ്റമിക് അബ്സോർബ്ഷൻ സ്പെക്ട്രോ ഫോട്ടോമീറ്റർ വാങ്ങി പ്രവർത്തനസജ്ജമാക്കി. മണ്ണ്, വെള്ളം, ജൈവവളം എന്നിവയെല്ലാം കൂടുതൽ സൂക്ഷ്മതയോടെയും വേഗത്തിലും പരിശോധിക്കുന്നതിന് ഇത് സഹായകമാകും. ഗവേഷണ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നതോടൊപ്പം പുറമെ നിന്നുള്ളവർക്കും വെള്ളം, മലിനജലം, കമ്പോസ്റ്റ് എന്നിവ പരിശോധിക്കുന്നതിനുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകൃത ലബോറട്ടറി ഐ.ആർ.ടി.സിയിൽ പ്രവർത്തിച്ചു വരുന്നു

## ഓസോൺ ദിനം 2017

കാലാവസ്ഥാ വ്യതിയാനവും ഓസോൺ പാളിയുടെ വിള്ളലും വരുത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വർധിക്കുന്ന സാഹചര്യത്തിലാണ് ഐക്യരാഷ്ട്ര സഭാ പരിസ്ഥിതി പദ്ധതി ഓസോൺ ദിനം ആചരിക്കാൻ തീരുമാനിച്ചത്. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ സെപ്തംബർ 21 ന് ഐ.ആർ.ടി.സിയിൽ ഓസോൺ ദിനത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. രാവിലെ 10 മണിയ്ക്ക് ആരംഭിച്ച സെമിനാർ ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ ഉദ്ഘാടനം ചെയ്തു. ആഗോളതാപനം പരിസ്ഥിതിയിലുണ്ടാക്കുന്ന മാറ്റങ്ങൾ മനുഷ്യനും മറ്റു ജീവികൾക്കും ഉണ്ടാക്കുന്ന ആഘാതം നാൾക്കുനാൾ വർധിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.



രജിസ്ട്രാർ പി.കെ. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

'പരിസ്ഥിതിയിൽ വരുന്ന മാറ്റങ്ങളും ജൈവവൈവിധ്യവും' എന്ന വിഷയത്തിൽ ജൈവൈവിധ്യ ബോർഡ് പാലക്കാട് ജില്ലാ കോർഡിനേറ്റർ ഡോ.ഉമ. ജെ.വിനോദ് അവതരണം നടത്തി. വികസനമെന്ന പേരിൽ പശ്ചിമഘട്ടത്തിലെ മനുഷ്യന്റെ ഇടപെടൽ പ്രക്രിയ, അവിടത്തെ ജന്തുവൈവിധ്യത്തെ തകർത്തത് എങ്ങനെയാണെന്ന് വിവരിച്ചുകൊണ്ടാണ് സെമിനാർ ആരംഭിച്ചത്. പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന 'നീലഗിരി പിപ്പിറ്റ്' നേരിടുന്ന ഭീഷണി അത്തരത്തിൽ ഒന്നാണെന്ന് അവർ പറഞ്ഞു.


ഡോ. ഉമ.ജെ.വിനോദ് വിഷയമവതരിപ്പിക്കുന്നു

പ്രകൃതിവിഭവങ്ങളെയും ജൈവവൈവിധ്യത്തെയും സംരക്ഷിക്കുന്നതിനായി കാമ്പസുകളിലെല്ലാം ജൈവവൈവിധ്യ പാർക്കുകൾ ഒരുക്കണമെന്ന് ഡോ.ഉമ അഭിപ്രായപ്പെട്ടു. ആലത്തൂർ എസ്.എൻ കോളേജ് പരിസ്ഥിതിശാസ്ത്ര വിഭാഗത്തിലെ 25 വിദ്യാർഥികളും, ഐ.ആർ.ടി.സിയിലെ സയന്റിഫിക് സ്റ്റാഫുകളും ഉൾപ്പെടെ 50 പേർ സെമിനാറിൽ പങ്കെടുത്തു.


ഡോ.കെ.രാജേഷ് ക്ലാസ് നയിക്കുന്നു

മുഖ്യ വിഷയാവതരണത്തിനു ശേഷം, ഐ.ആർ.ടി.സിയിലെ സാമൂഹ്യശാസ്ത്ര വിഭാഗം മേധാവിയായ ഡോ.കെ.രാജേഷ് ഗവേഷണത്തിന്റെ രീതീശാസ്ത്രത്തെ കുറിച്ച് ക്ലാസെടുത്തു. പരിസ്ഥിതിരംഗത്ത് നിലവിൽ നടക്കുന്ന ഗവേഷണങ്ങളുടെ സാധ്യതകളെയും പരിമിതികളെയും കുറിച്ച് അദ്ദേഹം വിദ്യാർഥികളോട് സംവദിച്ചു. പ്രൊഫ.ബി.എം.മുസ്തഫ, ഡോ.കെ.കെ.സീതാലക്ഷ്മി എന്നിവർ സംസാരിച്ചു. പരിപാടിയുടെ കൺവീനർ ഹിത പി.പി നന്ദി പറഞ്ഞു.

## ഗ്രീൻ ടെക്നീഷ്യൻമാരാകാൻ കുടുംബശ്രീ പ്രവർത്തകർ



അസിസ്റ്റന്റ് കോർഡിനേറ്റർ
പ്രേംദാസ് സംസാരിക്കുന്നു

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുത്ത 21 കുടുംബശ്രീ പ്രവർത്തകർക്ക് പാലക്കാട് ജില്ലാ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ രണ്ടു ദിവസത്തെ ഗ്രീൻ ടെക്നീഷ്യൻ പരിശീലനം ആഗസ്ത് 7, 8 ദിവസങ്ങളിൽ ഐ.ആർ.ടി.സിയിൽ നടന്നു. ബയോഗ്യാസ് പ്ലാന്റിന്റെ പരിപാലനം, മണ്ണിര കമ്പോസ്റ്റ് നിർമാണം, പൈപ് കമ്പോസ്റ്റ് നിർമാണം, മറ്റു കമ്പോസ്റ്റിംഗ് രീതികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനമാണ് രണ്ടു ദിവസങ്ങളിൽ നടന്നത്.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്കായുള്ള പഞ്ചായത്തു തല ഗ്രീൻ ടെക്നീഷ്യൻമാരായി കുടുംബശ്രീ പ്രവർത്തകരെ മാറ്റിയെടുക്കാനാണ് ജില്ലാ മിഷൻ പരിശീലനം സംഘടിപ്പിച്ചത്. ഹരിതകേരള മിഷൻ പ്രവർത്തനങ്ങളിൽ വൈദഗ്ധ്യമുള്ള ജോലികൾ സ്ത്രീകൾക്ക് ഏറ്റെടുക്കാനുള്ള ആത്മവിശ്വാസം വർധിപ്പിക്കാൻ പരിശീലനം സഹായിച്ചു. പ്രൊഫ. ബി.എം.മുസ്തഫ, ഐ.ആർ.ടി.സിയിലെ ജൂനിയർ സയന്റിസ്റ്റ് സുസ്മിത.വി, എഞ്ചിനിയർമാരായ രാഹുൽ.ആർ, ദീക്ഷിത്.എ.ആർ, രതീഷ്.സി.ആർ എന്നിവർ വ്യത്യസ്ത ക്ലാസുകൾക്കും പ്രായോഗിക പരിശീലനങ്ങൾക്കും നേതൃത്വം നൽകി. പരിശീലനാംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ വിതരണം ചെയ്തു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി.സൈതലവി, അസിസ്റ്റന്റ് കോർഡിനേറ്റർമാരായ പ്രേംദാസ്, ദിനേഷ് എന്നിവർ പരിശീലന പരിപാടികൾ നിയന്ത്രിച്ചു.



ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന ക്യാമ്പംഗങ്ങൾ

## ദക്ഷിണേന്ത്യൻ യുവസംഗമം ഐ.ആർ.ടി.സിയിൽ

കേരളം, തെലുങ്കാന, ആന്ധ്ര, തമിഴ്നാട്, പോണ്ടിച്ചേരി എന്നിവിടങ്ങളിൽ നിന്നെത്തിയ ശാസ്ത്രപ്രചാരകരായ 55 യുവാക്കൾ രണ്ട് ദിവസം ഐ.ആർ.ടി.സിയിൽ ക്യാമ്പ് ചെയ്തു.

വ്യത്യസ്ത സംസ്ഥാനങ്ങളിലെ ശാസ്ത്രപ്രചാരണ രീതികളും സാമൂഹ്യസാഹചര്യങ്ങളും വെല്ലുവിളികളും യുവാക്കൾ പങ്കുവെച്ചു. ദേശീയ തലത്തിൽ അശാസ്ത്രീയതയ്ക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ, ശാസ്ത്രബോധമുള്ള യുവതയെ സജ്ജരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സംഗമത്തിൽ തീരുമാനിച്ചു. ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ.നാരായണൻ ഐ.ആർ.ടി.സി പ്രവർത്തനങ്ങളെ കുറിച്ച് യുവാക്കളോട് സംവദിച്ചു. പരിഷത്ത് പ്രവർത്തകരായ അജില, സി.ചിഞ്ചു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.



രജിസ്ട്രാർ പി.കെ.നാരായണൻ
യുവാക്കളോട് സംവദിക്കുന്നു

## എൻ.എസ്.എസ് വിദ്യാർഥികളുടെ ക്യാമ്പ്

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നെത്തിയ നാഷണൽ സർവീസ് സ്കീം വിദ്യാർഥികളുടെ രണ്ട് ത്രിദിന ക്യാമ്പുകൾ ഐ.ആർ.ടി സിയിൽ നടന്നു. സെപ്തംബർ 18 മുതൽ 20 വരെ ആദ്യത്തെ ക്യാമ്പും, സെപ്തംബർ 20 മുതൽ 22 വരെ രണ്ടാമത്തെ ക്യാമ്പും നടന്നു. ഓരോ ക്യാമ്പിലും 160 വിദ്യാർഥികൾ വീതം പങ്കെടുത്തു. മൂന്ന് ദിവസത്തെ ക്യാമ്പിനിടയ്ക്ക് വിദ്യാർഥികൾ ഐ.ആർ.ടി.സി ക്യാമ്പസ് സന്ദർശിച്ചു. ഐ.ആർ.ടി.സി പ്രവർത്തനങ്ങളെല്ലാം വിദ്യാർഥികൾ ചോദിച്ചറിഞ്ഞു. ഐ.ആർ. ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ.ബി.എം.മുസ്തഫ, ഡോ.കെ.രാജേഷ് എന്നിവർ ക്യാമ്പിലെ വിദ്യാർഥികളോട് സംവദിച്ചു.

## ഹയർസെക്കണ്ടറി അധ്യാപകർക്കുള്ള പരിശീലനം

എസ്.സി.ഇ.ആർ.ടി. കേരള സംഘടിപ്പിച്ച ടീച്ചേഴ്സ് എംപവർമെന്റ് ക്യാമ്പ് ജൂലൈ 16, 17 തിയ്യതികളിൽ ഐ.ആർ.ടി.സിയിൽ വച്ച് നടന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 86 അധ്യാപകരാണ് ക്യാമ്പിൽ പങ്കെടുത്തത്.

## ഓണാഘോഷം 2017

ഐ.ആർ.ടി.സി കാമ്പസിലെ ഓണാഘോഷം സെപ്തംബർ 1 ന് വിപുലമായി ആഘോഷിച്ചു. ഐ.ആർ.ടി.സി പ്രവർത്തകർ എല്ലാവരും ആഘോഷത്തിൽ പങ്കുചേർന്നു. രാവിലെ 8 മണി മുതൽ പൂക്കളമിടൽ ആരംഭിച്ചു. അതിനുശേഷം ഓണക്കളികൾ ആരംഭിച്ചു. ഉച്ചയ്ക്ക് സമൃദ്ധമായ ഓണസദ്യയോടെ ഓണാഘോഷം സമാപിച്ചു.



ഐ.ആർ.ടി.സി പ്രവർത്തകർ ഒരുക്കിയ പൂക്കളം

## മികച്ച നീർത്തടങ്ങൾക്ക് നബാർഡ് ഫണ്ട് അനുവദിച്ചു

ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലയിലെ തിരഞ്ഞെടുത്ത 22 നീർത്തടങ്ങൾക്ക് നബാർഡ് സുസ്ഥിരവികസന ഫണ്ട് അനുവദിച്ചു. വിവിധ



നീർത്തട കമ്മിറ്റികളുടെ യോഗത്തിൽ നബാർഡ് ഡി.ഡി.എം രമേഷ് വേണുഗോപാൽ സംസാരിക്കുന്നു

പദ്ധതികൾക്കായി 8 ലക്ഷം രൂപ വീതമാണ് ഓരോ നീർത്തടത്തിനും അനുവദിച്ചത്. ഈ തുക കൊണ്ട് നീർത്തട പരിധിയിലെ ജൈവകർഷകരെ പ്രോത്സാഹിപ്പിക്കാനും അവർക്ക് വാണിജ്യ സാധ്യത കണ്ടെത്താനും ആണ് പ്രധാനമായും ഫണ്ട് ഉപയോഗിക്കേണ്ടത്. നീർത്തട കമ്മിറ്റികൾക്കും നീർത്തടങ്ങളിലെ കർഷകർക്കും പരിശീലനങ്ങളും മറ്റ് സഹായങ്ങളും നൽകി വരുന്നത് ഐ.ആർ.ടി.സിയാണ്. നിലവിൽ നബാർഡിന്റെ പാലക്കാട് ജില്ലയിലെ റിസോഴ്സ് സപ്പോർട്ടിംഗ് ഏജൻസിയാണ് ഐ.ആർ.ടി.സി.


## ഗ്രാമകല

**ഐ.ആർ.ടി.സി ജൂബിലി കാമ്പസ്**
**മുണ്ടൂർ, പാലക്കാട്**

| | |
|---|---|
| സമത ഉൽപന്നങ്ങൾ<br>ഹാൻഡ് മെയ്ഡ് സോപ്പുകൾ<br>ശുചിത്വ ലായനികൾ | ഭക്ഷ്യോത്പന്നങ്ങൾ<br>ഗ്രാമീണ കരകൗശല ഉൽപന്നങ്ങൾ |



## വിജ്ഞാനോത്സവം: പരിശീലനം



ഈ വർഷത്തെ വിജ്ഞാനോത്സവത്തിന്റെ സംസ്ഥാനതല ഫാക്കൽറ്റികൾക്കുള്ള രണ്ടു ദിവസത്തെ പരിശീലനം ജൂലൈ 2 ന് ഐ.ആർ.ടി.സിയിൽ വച്ച് നടന്നു. വിവിധ ജില്ലകളിൽ നിന്നുള്ള പരിഷത്തിലെ 30 വിദ്യാഭ്യാസ പ്രവർത്തകരാണ് പരിശീലനത്തിൽ പങ്കെടുത്തത്. വിജ്ഞാനോത്സവത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചും, അതിന്റെ നടത്തിപ്പ് സംബന്ധിച്ചും പരിശീലന ക്യാമ്പിൽ ചർച്ചകൾ നടന്നു. പ്രമുഖ ശാസ്ത്രജ്ഞ മേരി ക്യൂറിയുടെ ജീവിതവും ശാസ്ത്ര കണ്ടെത്തലുകളെയും അടിസ്ഥാനമാക്കിയാണ് ഇത്തവണ വിജ്ഞാനോത്സവത്തിന്റെ ഉള്ളടക്കം തയ്യാറാക്കിയിട്ടുള്ളത്.

## 'ഐ.ആർ.ടി.സി കൂട്ടായ്മ' മുൻകാല പ്രവർത്തകരുടെ സംഗമം



സംഗമത്തിൽ പ്രൊഫ. സി.ജെ.ശിവശങ്കരൻ സംസാരിക്കുന്നു

ഐ.ആർ.ടി.സിയിലെ പഴയകാല പ്രവർത്തകരുടെയും കുടുംബാംഗങ്ങളുടെയും സംഗമം ആഗസ്ത് 27 ന് ഐ.ആർ.ടി.സിയിൽ നടന്നു. കഴിഞ്ഞകാലങ്ങളിൽ ഐ.ആർ.ടി.സിയിൽ പ്രവർത്തിച്ച് പിരിഞ്ഞുപോയവരും, ഇപ്പോൾ ഇന്ത്യക്കകത്തും പുറത്തുമായി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുമായ ഐ.ആർ.ടി.സി കുടുംബാംഗങ്ങളാണ് ഒത്തുചേർന്നത്. മുൻകാലങ്ങളിൽ ഐ.ആർ.ടി.സിക്ക് ഭരണപരമായ നേതൃത്വം നൽകിയിരുന്ന ഡോ.ആർ.വി.ജി മേനോൻ, പ്രൊഫ. സി.ജെ.ശിവശങ്കരൻ, ഡോ.എൻ.കെ.ശശിധരൻപിള്ള, വി.ജി.ഗോപിനാഥ്, രജിസ്ട്രാർ പി.കെ.നാരായണൻ, ഐ.ആർ.ടി.സി കുടുംബാംഗങ്ങൾ എന്നിവരും സംഗമത്തിൽ പങ്കെടുത്തു സംസാരിച്ചു.

ഐ.ആർ.ടി.സിയിൽ പ്രവർത്തിച്ചിരുന്ന കാലത്തിലെ ഓർമകൾ പങ്കുവെച്ച എല്ലാവരും തങ്ങളുടെ ജീവിതത്തിലെ മാറ്റങ്ങൾക്ക് ഐ.ആർ.ടി.സിയുടെ വേറിട്ട പ്രവർത്തനശൈലി വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടു. പ്രഗത്ഭരും വിദഗ്ധരുമായ ഒട്ടേറെ വ്യക്തികളുടെ കൂടെ പ്രവർത്തിക്കാൻ കഴിഞ്ഞത് തങ്ങളുടെ പിൽക്കാല ജീവിതത്തിലും ജോലിയിലും ഗുണകരമായ മാറ്റമുണ്ടാക്കാൻ സഹായിച്ചിട്ടുണ്ടെന്ന് ഓരോരുത്തരും അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് പറഞ്ഞു. ഷാനവാസ്, പി.വി അനിൽകുമാർ, സന്തോഷ് കുമാർ തുടങ്ങിയ മുൻകാല പ്രവർത്തകരാണ് കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയത്.



വി.ജി.ഗോപിനാഥൻ സംസാരിക്കുന്നു (ഇടത്), സംഗമത്തിനെത്തിച്ചേർന്നവർ (വലത്)